മെയ് 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം കുണ്ടറ ശാലേം മാർത്തോമ്മാ പള്ളിയിൽ വെച്ച് 2024 ഏപ്രിൽ മാസം 7-ാം തീയതി നടത്തപ്പെട്ടു. കേരളത്തിന്റെ അനുഗൃഹീത എഴുത്തുകാരൻ ശ്രീ. ബെന്യാമീൻ 'വിജയവഴിയിലെ മുള്ളുകൾ' എന്ന പ്രധാനവിഷയത്തെ അടിസ്ഥാനമാക്കി മുഖ്യ പ്രഭാഷണം നടത്തി. ജനപങ്കാളിത്തം കൊണ്ടും ക്രമീകരണങ്ങൾ കൊണ്ടും ശ്രദ്ധേയമായ വിധം പ്രഭാഷണത്തിന് വേദിയൊരുക്കിയ കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകയോടും കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തോടുമുള്ള നന്ദി അറിയിക്കുന്നു. അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം മേയ് മാസം 5-ാം തീയതി റാന്നി ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. പരമാവധി ആളുകൾ ഈ സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. സഭാ നൗകയെ കാലോചിതമായി നയിച്ച് കാലഘട്ടത്തിന് വഴിവെളിച്ചമായി പ്രകാശിച്ച്, കാലയവനികയ്ക്കപ്പുറത്തേക്ക് കടന്നുപോയ അഭിവന്ദ്യ തിരുമേനിമാരുടെ ധന്യമായ ജീവിതത്തെയും, അതുല്യമായ സംഭാവനകളെയും ദർശന ലോകത്തെയും വരും തലമുറകൾക്ക് പരിചയപ്പെടുത്തുവാൻ സ്മാരക പ്രഭാഷണങ്ങളിലൂടെ സാധ്യമാകുന്നു. അവരിലൂടെ ലഭിച്ച നല്ല നേതൃത്വത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം.

നമ്മുടെ രാജ്യം മറ്റൊരു തിരഞ്ഞെടുപ്പിനെ നേരിടുന്ന നാളുകളാണല്ലോ ഇത്. ഇന്ന് നിലവിലുള്ള രാഷ്ട്രീയ-ഭരണ ക്രമങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടത് ജനാധിപത്യമാണ്. നാടുവാഴിത്തത്തിനും രാജാധിപത്യത്തിനും ബദലായി ജനാധിപത്യം ജനങ്ങളുടെ പ്രാതിനിധ്യത്തിന്റെ ഗുണപരമായ വശങ്ങളെ ഉയർത്തിക്കാട്ടുന്നു. എന്നാൽ ജനാധിപത്യം എന്നത് ഭൂരിപക്ഷാധിപത്യമാകുന്നുവോ എന്ന ചോദ്യം ഇന്ത്യയുടെ പശ്ചാത്തലത്തിൽ വളരെ പ്രസ്കതമാണ്. ഒപ്പം ജനാധിപത്യത്തിലൂടെ ഏകാധിപത്യം വളർന്നു വരുന്നോ എന്ന സന്ദേഹവും വിമർശന വിധേയമാക്കേണ്ടതാണ്. പൊതുനന്മയാകണം ജനാധിപത്യത്തിന്റെ ആത്യന്തിക ലക്ഷ്യം. ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ നട്ടെല്ലാണ് തിരഞ്ഞെടുപ്പ് എന്നതിൽ തർക്കമില്ല. ഒരുപക്ഷേ ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ വോട്ട് രേഖപ്പെടുത്താനെത്തുന്ന തിരഞ്ഞെടുപ്പാവും 2024 ലേത്. അത്യന്തം ഗൗരവകരമായി നാം സമീപിക്കേണ്ടതാണ് തെരഞ്ഞെടുപ്പ് പ്രക്രിയ. ഏതൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് നമ്മുടെ വോട്ടവകാശം വിനിയോഗിക്കേണ്ടത്? സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ചില മൂല്യങ്ങളുണ്ട്. അവ സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും മതേതരത്വത്തിലും അടിസ്ഥാനപ്പെട്ടതാണ് എന്ന് നമുക്ക് നിസ്സംശയം പറയാം. ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്ന, വിഭാഗീയതകൾക്കതീതമായ നിലപാടെടുക്കുന്ന, പൊതുജീവിതത്തിൽ ധാർമികത ഉയർത്തിപിടിക്കുന്ന, ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളിൽ ഒപ്പം നിൽക്കുന്ന, ജനാധിപത്യം സംരക്ഷിക്കുന്ന, ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കുന്ന ഒരു കേന്ദ്ര സർക്കാർ നിലവിൽ വരുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കാം.

ഇന്ത്യയിൽ 5 കോടി അനധികൃത വിദേശ പൗരന്മാരുണ്ട് എന്ന ചില മത തീവ്രവാദ സംഘടനകളുടെ അവകാശവാദം എത്രമാത്രം ശരിയാണെന്ന് നാം ചിന്തിക്കണം. സർക്കാരിന്റെ തന്നെ കണക്കുകൾ പരിശോധിച്ചാൽ തികച്ചും വിപരീതമായ ഒരു ചിത്രമാണ് നമുക്ക് ലഭിക്കുന്നത്. തീവ്ര രാഷ്ട്രീയ സംഘടനകൾ ആവർത്തിച്ച് ഉപയോഗപ്പെടുത്തുന്ന വിഷയങ്ങളാണ് അനധികൃത കുടിയേറ്റവും ജനസംഖ്യാ കണക്കുകളും. ഇത് ഇന്ത്യയിൽ മാത്രമൊതുങ്ങി നിൽക്കുന്ന ഒരു പ്രതിഭാസമല്ല. ഈ വർഷം ജനുവരിയിൽ ജർമനിയിലെ വിവിധ നഗരങ്ങളിൽ കുടിയേറ്റക്കാരായ ജനങ്ങൾക്കെതിരെ ജർമൻ തീവ്ര വലതുപക്ഷ രാഷ്ട്രീയ സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങളിൽ പതിനായിരക്കണക്കിന് ജനങ്ങൾ പങ്കെടുത്തു. നമ്മുടെ മദ്ധ്യേയുള്ള പരദേശിയെയും അനാഥനെയും വിധവയേയും സംരക്ഷിക്കുന്നതാണ് ക്രൈസ്തവ സാമൂഹ്യദൗത്യം. രാജ്യസുരക്ഷ അത്യാവശ്യമാണ്; അതിർത്തി കടന്നെത്തുന്ന എല്ലാ അനധികൃത കുടിയേറ്റക്കാരെയും സ്വീകരിക്കുവാനും നമുക്കാവില്ല. എന്നാൽ ജനാധിപത്യ ഭാരതത്തിന്റെ മൂല്യങ്ങളിൽ അടിസ്ഥാനപ്പെട്ട കരുണയുള്ളൊരു സമീപനം നമ്മുടെ രാഷ്ട്രം സ്വീകരിക്കേണ്ടതാണ്.

കേരളാ ഗവൺമെന്റ് സ്വകാര്യ സർവ്വകലാശാലകൾക്ക് അനുമതി നല്കുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്ന പശ്ചാത്തലത്തിൽ സഭയുടെ സമീപനം

രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ തിരുവനന്തപുരം സെന്റ് തോമസ് സ്കൂളിൽ വെച്ച് ഏപ്രിൽ 16 ന് നടത്തിയ കൺസൾട്ടേഷൻ വളരെ ശ്രദ്ധേയമായിരുന്നു. വൈദിക സെമിനാരി ഉൾപ്പെടെയുള്ള നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജർ, പ്രിൻസിപ്പൾ, ഗവേണിംഗ് കൗൺസിൽ അംഗങ്ങളായ സഭാ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നമ്മുടെ സഭാംഗങ്ങളായ ഉന്നത വിദ്യാഭ്യാസ വിദഗ്ദർ സ്വകാര്യ സർവ്വകലാശാലകളുടെ ഘടന, സാദ്ധ്യതകൾ, വെല്ലുവിളികൾ എന്നിവയെക്കുറിച്ച് നയിച്ച ക്ലാസ്സുകൾ, വസ്തുതകൾ കൂടുതൽ മനസ്സിലാക്കുന്നതിനും, ധാരണകളിൽ വ്യക്തത വരുത്തുന്നതിനും കാരണമായി. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ദീർഘവീക്ഷണവും സഭാ ജനങ്ങളുടെ സഹകരണവും മൂലം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ നഷ്ടമാക്കാതെ നോക്കേണ്ടതും മാറ്റങ്ങളോട് കാലോചിതമായി പ്രതികരിക്കേണ്ടതുമാണ്. ആയതിന് കൂടുതൽ ചർച്ചകളും കൂടിയാലോചനകളും ആവശ്യമാണെന്ന് ഓർമ്മപ്പെടുത്തുന്നു.

ഹോസ്ക്കോട്ടെ മിഷൻ നേഴ്സിംഗ് കോളേജിന്റെ പുതിയ അക്കാദമിക്ക് ബ്ലോക്കിന്റെ സമർപ്പണ ശുശ്രൂഷയും ഉദ്ഘാടനവും ഏപ്രിൽ മാസം 18-ാം തീയതി നിർവ്വഹിച്ചു. ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയാണ് അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. നേഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് നല്ല നിലവാരം പുലർത്തി വൈദഗ്ദ്യവും, ആർദ്രതയുമുള്ള ആരോഗ്യ -സേവന പ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുന്നതിന് ഈ സ്ഥാപനത്തിലൂടെ തുടർന്നും സാധ്യമാകും എന്നതിന് സംശയമില്ല. ഇപ്പോൾ 231 വിദ്യാർത്ഥിനികൾ ബി. എസ്. സി. നേഴ്സിംഗിന് പഠിക്കുന്നു. 1947 ൽ ആരംഭിച്ച ഹോസ്ക്കോട്ടെ മിഷൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ ശുശ്രൂഷയിൽ അനുഗ്രഹിതമായി മുന്നേറുന്നു. കർത്താവിനെ അറിഞ്ഞിട്ടില്ലാത്തവരുടെയിടയിൽ സുവിശേഷം പങ്ക് വെയ്ക്കുവാൻ തല്പരരായ ഒരു കൂട്ടം ആളുകളുടെ സമർപ്പണത്തിലൂടെയാണ് ഹോസ്ക്കോട്ടെ മിഷൻ ആരംഭം കുറിക്കുന്നത്. അതിൽ ആത്മായരോടും പട്ടക്കാരോടുമൊപ്പം അഭിവന്ദ്യരായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും നല്കിയ നേതൃത്വം എടുത്ത് പറയത്തക്കതാണ്. ചെറിയ തുടക്കത്തിൽ നിന്നും വിശാലമായ പ്രവർത്തന മേഖലകളിലേക്ക് ഉയരുവാൻ മിഷന് സാധിച്ചു. ഹോസ്ക്കോട്ട ഇടവക, മിഷൻ കേന്ദ്രങ്ങൾ, വില്ലേജ് പ്രവർത്തനങ്ങൾ എന്നിവ കൂടാതെ, ഒരു ആശുപത്രി, അഗതിമന്ദിരം, നേഴ്സിംഗ് കോളേജ് ആന്റ് ഹോസ്റ്റൽ, വിദ്യാഭ്യാസ കരുതൽ പദ്ധതി, ഡയാലിസിസ് യൂണിറ്റ്, എച്ച്. ഐ. വി./എയ്ഡ്സ് കൗൺസിലിംഗ് സെന്റർ എന്നിങ്ങനെ വൈവിധ്യമാർന്ന പദ്ധതികൾ ക്യാമ്പസിലൂടെ സാധ്യമാകുന്നു. ഹോസ്ക്കോട്ടെ ക്യാമ്പസിൽ പ്രവർത്തിച്ചു വന്ന ബൈബിൾ ഇൻസ്റ്റിട്യൂട്ട് ഇപ്പോൾ ശിവനാപുരം മിഷനിൽ കൂടുതൽ സൗകര്യങ്ങളോടുകൂടെ പ്രവർത്തനം ആരംഭിച്ചു. ഈ ദൃശ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തെയും, ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനത്തെയും, ഹോസ്കോട്ട മിഷനെയും പ്രത്യേകം അഭിനന്ദിക്കുന്നു. വിശേഷാൽ ഇപ്പോൾ സ്ഥലംമാറി പോകുന്ന ഡയറക്ടർ റവ. ജിൻസൺ കെ. മാത്യുവിന്റെയും അസിസ്റ്റന്റ് മിഷനറി റവ. ജിൻസ് പി. കെ. യുടെയും നേതൃത്വം ശ്ലാഘനീയമാണ്. ജിൻസ് പി. കെ. അച്ചൻ മിഷനറിയായും ഹോസ്ക്കോട്ടെ ഇടവക വികാരിയായും ശുശ്രൂഷകൾ തുടരും. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ പരിപാലന രംഗത്തും സേവന മേഖലയിലും ഉന്നത നിലവാരം നിലനിർത്തുവാൻ നമ്മുടെ മിഷൻ പ്രവർത്തനങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയും സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ അദ്ധ്യയന വർഷം മണിപ്പൂരിൽ നിന്നും 30 വിദ്യാർത്ഥിനികളെ തിരുവല്ല നിക്കോൾസൺ സിറിയൻ ഗേൾസ് ഹൈസ്ക്കൂളിൽ കൊണ്ടുവന്നു. അവർ ഇവിടുത്തെ സാഹചര്യങ്ങളോട് നന്നായി ഇഴുകിച്ചേരുകയും, കഴിഞ്ഞ ഒരു വർഷത്തെ പഠനം അനുഗ്രഹകരമായി പൂർത്തീകരിക്കുകയും ചെയ്തു. മദ്ധ്യവേനലവധിക്കാലത്ത് അവരെ നിക്കോൾസൺ ബോർഡിംഗ് ഹോമിൽത്തന്നെ പാർപ്പിക്കുകയും അവർക്ക്വേണ്ടി പേഴ്സണാലിറ്റി ഡവലപ്മെന്റ്, കൗൺസിലിംഗ്, സ്പോക്കൺ ഇംഗ്ലീഷ്, മ്യൂസിക്ക് ആന്റ് ഡാൻസ്, സ്റ്റിച്ചിംഗ് ആന്റ് ബീഡ്സ് വർക്ക്, ആർട്ട് ആന്റ് ക്രാഫ്റ്റ് എന്നിങ്ങനെ വിവിധ ഹ്രസ്വകാല ട്രെയിനിംഗ് പ്രോഗ്രാമുകളും, വി. ബി. എസും. ക്രമീകരിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ താല്പര്യത്തോടെ അതിൽ പങ്ക് ചേരുകയും പരിശീലനങ്ങളിൽ മികവ് പുലർത്തുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷം 20 വിദ്യാർത്ഥിനികളെ കൂടി മണിപ്പൂരിൽ നിന്നും നിക്കോൾസണിലേക്ക് കൊണ്ടുവരുവാൻ ക്രമീകരണങ്ങൾ ആരംഭിച്ചിരിക്കുന്നു. മേയ് മാസം 15-ാം തീയതിയോടെ അവർ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കാം. അവർക്കും ഹോസ്റ്റൽ, പഠന സൗകര്യങ്ങൾ ക്രമപ്പെടുത്തുന്നുണ്ട്. മണിപ്പൂരിൽ നിന്നുമുള്ള 50 വിദ്യാർത്ഥിനികൾക്കും അടുത്ത അദ്ധ്യയന വർഷത്തേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം പഠനസാമഗ്രികൾ, ട്യൂഷൻ - ബോർഡിംഗ് ഫീസ് എന്നിവയും കണ്ടെത്തേണ്ടിയിരിക്കുന്നു. സുമനസ്സുകളുടെ സഹകരണം ഈ കാര്യത്തിൽ ഉണ്ടാകുന്നത് അഭികാമ്യമാണ്.

മേയ് മാസത്തിൽ സഭ സ്വർഗ്ഗാരോഹണ പെരുന്നാളും പെന്തക്കോസ്ത് പെരുന്നാളും ആചരിക്കുന്നു. ഉയിർപ്പിന് ശേഷം 40-ാം ദിവസമാണ് സ്വർഗ്ഗാരോഹണപെരുനാൾ കൊണ്ടാടുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാർ കാൺകെ ആരോഹണം ചെയ്തു എന്നും, ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു എന്നും അ. പ്ര. 1 ന്റെ 9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് കരേറിയവനായ ഈ യേശു തന്നെ മഹത്വത്തോടെകൂടെ വരുമെന്നും സഭ വിശ്വസിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യുന്നു. സ്വർഗ്ഗാരോഹണത്തെ തുടർന്ന് 10-ാം നാളാണ് പെന്തക്കോസ്ത് പെരുന്നാൾ. കർത്തൃശരീരമാകുന്ന സഭയ്ക്ക് പരിശുദ്ധാത്മാവിനെ ദാനമായി നല്കിയതിനെ അനുസ്മരിക്കുന്ന ദിവസമാണ് പെന്തക്കോസ്ത് നാൾ.

പരിശുദ്ധ റൂഹാ പാപ ബോധം വരുത്തുന്നതും, അനുതാപത്തെ ഉളവാക്കുന്നതും വിശ്വാസികളെ സ്ഥിരപ്പെടുത്തുന്നതുമാകുന്നു. ശ്ലീഹന്മാരിലെന്നപോലെ എല്ലായിപ്പോഴും പരിശുദ്ധാത്മാവ് നമ്മിൽ നിറയുന്നതിനും ജീവൻ നല്കുന്ന ആത്മാവിന്റെ ദിവ്യവ്യാപാരം നമ്മുടെ വിചാരങ്ങളിലും വചനങ്ങളിലും നടപടികളിലും കാണപ്പെടുന്നതിനും ഈ പെരുന്നാളുകളുടെ ആഘോഷങ്ങളിലൂടെ സാധ്യമാകട്ടെയെന്ന് ആഗ്രഹിക്കാം.

ആഗോള തൊഴിലാളി ദിനമായി മെയ് 1 ആചരിക്കുന്നു. എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ വിനോദം എന്ന തൊഴിലാളി വർഗ്ഗമുന്നേറ്റത്തിന്റെ ചരിത്രമാണ് മെയ് ദിനത്തിന്റേത്. 1889 ജൂലായ് 14- ന് ഫ്രാൻസിലെ പാരീസിൽ നടന്ന യൂറോപ്പിലെ സോഷ്യലിസ്റ്റ് പാർട്ടികളുടെ ആദ്യ അന്താരാഷ്ട്ര കോൺഗ്രസിലാണ് എല്ലാ വർഷവും മെയ് 1 'തൊഴിലാളി ദിനമായി ആചരിക്കുന്നതിന്' പ്രഖ്യാപനം ഉണ്ടാകുന്നത്. ഇത് ചെറുത്തുനിൽപ്പിന്റെ ദിനമാണ്. ചെറുത്തുനിൽപ്പിലാണ് തൊഴിലാളികളുടെ അവകാശങ്ങൾ പ്രഖ്യാപിതമാകുന്നത്. സാധാരണ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്ന ദിനമായി ഈ ദിവസത്തെ നമുക്ക് കരുതാം. തൊഴിലാളി സമൂഹങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാം. സമൂഹ നിർമ്മിതിയിലുള്ള അവരുടെ സംഭാവനകളെ അംഗീകരിക്കാം.

ദിവ്യസംഗീത ഞായർ എല്ലാവർഷവും മേയ് മാസത്തിലാണല്ലോ നാം ആചരിക്കുന്നത്. സഭയുടെ സംഗീത സംവേദന വിഭാഗമായ ഡി. എസ്. എം. സി. അതിന്റെ പ്രവർത്തന സരണിയിൽ കാലാനുസൃതമായി മുന്നേറുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കാം. ഈ പ്രസ്ഥാനം ആരംഭം കുറിച്ചിട്ട് 50 വർഷത്തിലധികമായി. ഡി. എസ്. എം. സി. മീഡിയയുടെ പ്രവർത്തനങ്ങളും അനുഗ്രഹപ്രദമായി മുന്നോട്ടു പോകുന്നു. പ്രത്യേകമായി നമ്മുടെ സഭയുടെ സംരംഭമായ മാർത്തോമ്മാ വിഷൻ ചാനലിലും, മലങ്കര ദർശൻ എന്ന ശാലോം ടി. വി. പ്രോഗ്രാമിലും ഡി. എസ്.എം. സി. നല്കുന്ന നേതൃത്വം എടുത്ത് പറയത്തക്കതാണ്. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഏവരും ശ്രമിക്കണം. ഡി. എസ്. എം. സി. ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ ആറ് വർഷക്കാലം സേവനം അനുഷ്ഠിച്ച് ഇപ്പോൾ സ്ഥലം മാറിപോകുന്ന റവ. ആശിഷ് തോമസ് ജോർജ്ജിന്റെ നേതൃത്വം ശ്ലാഘനീയമാണ്.

മേയ് മാസം 1-ാം തീയതി മുതൽ പട്ടക്കാരുടെ സ്ഥലമാറ്റം നിലവിൽ വരുന്നു. കഴിഞ്ഞ ഒരു ടേം വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും ഇടവകകളിലും ശുശ്രൂഷകൾ നിർവ്വഹിച്ച് സ്ഥലം മാറിപ്പോകുന്ന/ വിരമിക്കുന്ന പട്ടക്കാരെ സ്നേഹപൂർവ്വം യാത്രയയ്ക്കണം. സഭ നിയോഗിക്കുന്നതനുസരിച്ചു അതാതു മേഖലകളിൽ പ്രവർത്തന നിരതരാകുന്ന പട്ടക്കാരെ കരുതുകയും കൈത്താങ്ങൽ നൽകുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. തങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിലെ ജനങ്ങൾക്കൊപ്പം സഞ്ചരിക്കേണ്ടുന്ന ഉത്തരവാദിത്വം പട്ടക്കാർക്കുമുണ്ട്. ഏപ്രിൽ മാസം എനിക്കുണ്ടായ പെരിനയൽ ഇൻഫക്ഷനെ തുടർന്ന് ഒരു സർജറി ആവശ്യമായി വന്നു. ചികിത്സയ്ക്കും വിശ്രമത്തിനുമായി തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരാഴ്ചക്കാലം കഴിയേണ്ടതായി വന്നു. ദൈവകൃപയാൽ ഞാൻ ഇപ്പോൾ സൗഖ്യം പ്രാപിച്ച് വരുന്നു. ഏതാനും നാളുകൾ കൂടി വിശ്രമം ആവശ്യമാണ്. അനേകരുടെ പ്രാർത്ഥന സൗഖ്യത്തിന് മുഖാന്തിരമായി എന്ന് നിസ്സംശയം പറയാം. എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. തുടർന്നും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കണം. ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ നല്കുന്ന കരുതൽ എടുത്ത് പറയത്തക്കതാണ്. അവരുടെ നല്ല പരിചരണത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

അതി കഠിനമായ ചൂടിലൂടെ കേരളം കടന്നുപോകുന്നു. മരുഭൂമി എന്ന് വിശേഷിപ്പിച്ചിരുന്ന യു. എ. ഇ. യിൽ മഴയും വെള്ളപ്പൊക്കവും. കാലാവസ്ഥ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളല്ലേ ഇതെല്ലാം. കാലാവസ്ഥ വ്യതിയാനം എന്നത് ഭൂമിയുടെ പാരിസ്ഥിതിക അവസ്ഥയിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. ആന്തരികവും ബാഹ്യവുമായ നിരവധി ഘടകങ്ങൾ ഇതിനു കാരണമാകുന്നു. ആഗോള താപനിലയിലെ വർദ്ധനവും പ്രകൃതിയുടെമേലുള്ള ദയയില്ലാത്ത മനുഷ്യ പ്രഹരവും പ്രകൃതിയെ ചൂഷണോപാധിയാക്കുന്ന കോർപറേറ്റ് നയങ്ങളും കൂടിച്ചേരുമ്പോൾ കാലാവസ്ഥ വ്യതിയാനത്തിന്റെ ഒരു വൃത്തം പൂർത്തിയാകും. പ്രാദേശികമായ കാരണങ്ങൾക്കുമപ്പുറമാണ് ഈ പ്രതിഭാസം എങ്കിലും കാലാവസ്ഥ വ്യതിയാനത്തെ നേരിടുവാനുള്ള കർമ്മ പദ്ധതികൾ നമ്മിൽ നിന്നാരംഭിക്കേണം.

നമ്മുടെ ഡൽഹി ഭദ്രാസനത്തിൽ ജയ്പൂർ മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. ജോർജ്ജ് ചെറിയാൻ അഡ്വർടൈസിങ്ങ് സ്റ്റാൻഡേർഡ്സ് കൗൺസിൽ ഓഫ് ഇന്ത്യയുടെ (എ. എസ്. സി. ഐ.) കൺസ്യൂമർ കംപ്ലെയിന്റ് സ് കൗൺസിൽ (സി. സി. സി.) അംഗമായി നിയമിക്കപ്പെട്ടു. നോർത്ത് അമേരിക്കൻ ഭദ്രാസനത്തിൽ ബോസ്റ്റൺ മാർത്തോമ്മാ ഇടവകാംഗമായ ഡോ. ജോർജ്ജ് ഏബ്രഹാം അമേരിക്കയിലെ കമ്പയിൻഡ് സ്റ്റേറ്റ് മെഡിക്കൽ ബോർഡ് (സി. എസ്. എം. ബി.) ചെയർമാനായി നിയമിക്കപ്പെട്ടു. ദേശീയ അന്തർദേശീയ തലങ്ങളിൽ ഇവരുടെ സ്ഥാന ലബ്ധിയിൽ സന്തോഷിക്കുന്നു. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ വൈദികരിലൊരാളായ ബഹുമാനപ്പെട്ട എ. നൈനാൻ ഉമ്മൻ അച്ചൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അച്ചനും കുടുംബവും വിവിധ ഇടവകകളിൽ അനുഗ്രഹീത ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. ഏനാത്ത് മാർത്തോമ്മാ ഇടവകാംഗവും കാസർഗോഡ് ബധിര വിദ്യാലയത്തിന്റെ മുൻ പ്രിൻസിപ്പാളുമായ ശ്രീ. റ്റി. ഒ. ജോൺ നിര്യാതനായി. അദ്ദേഹം മാർത്തോമ്മാ മാനവസേവ അവാർഡ് ജേതാവു കൂടിയാണ്. തലപ്പാടി നസ്രേത്ത് മാർത്തോമ്മാ ഇടവകാംഗം ശ്രീ. ചാക്കോ കുരുവിള നിര്യാതനായി. പരമപിതാവിന് സ്തുതിപാടാം തുടങ്ങിയ പാട്ടുകളുടെ രചയിതാവും ദൈവവചനം അനേകരിലെത്തിക്കുന്നതിൽ ഉത്സാഹിയുമായിരുന്നു അദ്ദേഹം. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ മുൻ ട്രഷററും കായംകുളം ശാലേം മാർത്തോമ്മാ ഇടവകാംഗവുമായ ശ്രീ. തോമസ് വർഗ്ഗീസ് കർത്തൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഈ പ്രീയപ്പെ

ട്ടവരുടെ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു. അവരുടെ ദേഹവിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

മേയ് മാസത്തെ വായനകളും ധ്യാനങ്ങളും പ്രധാനമായും പെന്തക്കോസ്ത് പെരുന്നാളും ആത്മ കേന്ദ്രീകൃത ജീവനവും സംബന്ധിച്ചുള്ളവയാണ്. സഭ പരിശുദ്ധത്മ സമൂഹമാണല്ലോ. മേയ് അഞ്ചാം തീയതി ഞായറാഴ്ച്ച 'ഭൂ-ഭവനദാന പ്രസ്ഥാന ദിനമായി' ആചരിക്കുകയാണല്ലോ. ദരിദ്രരെ ഓർത്തുകൊൾവിൻ എന്നതാണ് ചിന്താവിഷയം. ദരിദ്രരോടുള്ള മനപൂർവ്വമായുള്ള അനുഭാവമാണ് വിശുദ്ധ വേദപുസ്തകം ആവശ്യപ്പെടുന്നത്. ദൈവം സൃഷ്ടിച്ച്, സകലർക്കുമായി നൽകിയ വിഭവങ്ങൾ ചിലർക്കു നിഷേധിക്കപ്പെടുമ്പോൾ ആണ് അവർ ദരിദ്രർ ആയി മാറുന്നത്. അത് ദൈവിക വ്യവസ്ഥയുടെ ലംഘനമാണ്. ദരിദ്രരോടുള്ള അനുഭാവമാണ് ദൈവിക ക്രമത്തോടുള്ള താദാത്മ്യപ്പെടൽ പ്രകടമാക്കുന്നത്. അന്ത്യ ന്യായവിധിയുടെ മാനദണ്ഡവും അതു തന്നെയാണല്ലോ. ദരിദ്രർക്കു വേണ്ടി കരുതാതെ സ്വാർത്ഥതയെ അന്വേഷിക്കുന്നത് ആത്മനഷ്ടത്തിനു വഴി വെക്കുമെന്ന് വചനം ഓർമിപ്പിക്കുന്നുണ്ട്.

മേയ് 12 ഞായറാഴ്ച്ച 'ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവ്' എന്ന വിഷയം ധ്യാനിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസമാണ്. സ്രഷ്ടാവും വീണ്ടെടുപ്പുകാരനും പരിപാലകനും ഏക സത്യ ദൈവം തന്നെ. ഉണങ്ങിയ അസ്ഥികൾക്കു ജീവൻ പകരുന്ന ദൈവസാന്നിധ്യമാണ് പരിശുദ്ധാത്മാവ്. പിതാവായ ദൈവം പുത്രനായ ക്രിസ്തുവിലൂടെ നിർവഹിച്ച വീണ്ടെടുപ്പിന്റെ പ്രവൃത്തിയെ നിരന്തരം അനുഭവമാക്കി നൽകുന്നത് പരിശുദ്ധത്മാവാണ്. ക്രിസ്തുവിനെ നമുക്ക് കാലാതീത സഹചാരിയാക്കി അനുഭവമാക്കുന്നത് പരിശുദ്ധാത്മാവാണ്.

മേയ് മാസം 19 ഞായറാഴ്ച സഭ പെന്തക്കോസ്ത് പെരുന്നാൾ കൊണ്ടാടുന്നു. സകലരെയും നവീകരിക്കുന്ന പരിശുദ്ധാത്മാവ് എന്നതാണ് ധ്യാനവിഷയം. യേശുവിലൂടെ പ്രഘോഷിക്കപ്പെട്ട ദൈവരാജ്യത്തിന്റെ സജീവത സാർവലൗകികമാക്കി തീർക്കുന്നത് പകരപ്പെട്ട പരിശുദ്ധാത്മാവാണ്. ദൗത്യനിർവഹണത്തിനു പ്രചോദനവും ബലവും പകരുന്നത് പരിശുദ്ധാത്മാവാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം നൽകി,അനുതാപത്തിലൂടെ ശുദ്ധീകരണവും നവീകരണവും കണ്ടെത്താൻ പരിശുദ്ധാത്മ സാന്നിധ്യമാണ് വിശ്വാസിയെ സഹായിക്കുന്നത്. വചനത്തിന്റെ കാലികവ്യാഖ്യാനത്തിലൂടെ അവയുടെ നിത്യ പ്രസക്തി നിലനിർത്താൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. അതുകൊണ്ട്, സഭ സദാ കാലവും 'പരിശുദ്ധത്മാവേ വരണമേ, സൃഷ്ടിയെ പുതുക്കണമേ' എന്നു പ്രാർത്ഥിക്കുന്നു.

മേയ് 26 ഞായറാഴ്ച ദിവ്യ സംഗീത ഞായർ ആയി സഭ ആചരിക്കുകയാണ്. 'കർത്താവിനായി പാടുക' എന്നതാണ് പ്രധാന ചിന്താവിഷയം. പാട്ട് എല്ലാ കാലത്തും ക്രൈസ്തവ ആരാധനയുടെ അവിഭാജ്യ ഘടകമാണ്. ഓരോ ദൈവിക ഇടപെടലുകളെയും അനുസ്മരിച്ചു ദൈവജനം സ്തുതിയുടെ പാട്ടുകൾ പാടിയതിനെ വേദവായനകൾ ഓർമിപ്പിക്കുന്നു. സംഘബോധം ഉണർത്തുന്നതിനും ഉൾകൊള്ളുന്ന ആദ്ധ്യാത്മിക മൂല്യങ്ങൾ ഒരുമിച്ചു പങ്കുവെക്കുന്നതിനും, പ്രത്യാശയും പ്രതീക്ഷയും ഉയർത്തിപ്പിടിക്കുന്നതിനും പാട്ടുകൾ സഹായകരമായിട്ടുണ്ട്. ആത്മിക അനുഭവങ്ങൾ പ്രസ്താവിക്കുന്ന പാട്ടുകൾ ദൈവ ശാസ്ത്രപരമായി ശരിയായവ ആയിരിക്കേണ്ടതും ഉണ്ട്. അത്തരത്തിലുള്ള ശുശ്രൂഷകൾ സഭയിൽ നിർവഹിക്കാൻ നമ്മുടെ ദിവ്യ സംഗീത സംവേദന വിഭാഗത്തിനു കഴിയട്ടെയെന്ന് ആശംസിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
25.04.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

## അറിയിപ്പ്

### സഭയിലെ വൈദികരെയും സഭാ ജനങ്ങളെയും അറിയിക്കുന്നത്

വിവിധ കാരണങ്ങളാൽ ആരോപണ വിധേയരായ നമ്മുടെ സഭയിലെ ഏതാനും പട്ടക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചതായി മലങ്കര സഭാ താരക 2022 ഏപ്രിൽ ലക്കത്തിലൂടെ മെത്രാപ്പോലീത്താ ഏവരെയും അറിയിച്ചിരുന്നുവല്ലോ. അവരുടെ മേൽ ആരോപിക്കപ്പെട്ട കാര്യങ്ങൾ അന്വേഷിച്ച് കമ്മീഷൻ റിപ്പോർട്ട് ലഭിക്കുകയും, അച്ചന്മാരുടെ വിശദീകരണം കേൾക്കുകയും ചെയ്തു. കമ്മീഷൻ റിപ്പോർട്ടിന്റെയും അച്ചന്മാർ നല്കിയ ഉറപ്പിന്റെയും അടിസ്ഥാനത്തിൽ എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി 2024 ഏപ്രിൽ 15 മുതൽ ഇവർക്കെതിരെ ഏർപ്പെടുത്തിയ വിലക്കുകൾ എല്ലാം പിൻവലിച്ചിരിക്കുന്നു. വൈദിക പദവികളിലേക്കും വൈദീക സ്ഥാനത്തിനടുത്ത എല്ലാ ഉത്തരവാദിത്വങ്ങളിലേക്കും വീണ്ടും പ്രവേശിപ്പിക്കുന്നു. അതിൻ പ്രകാരം 2024 മേയ് മാസം 1 മുതൽ റവ. ജോൺസൺ മാത്യു (കൊറ്റനാട്) വിനെ ഷൊർണ്ണൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക, ചേലക്കര സെന്റ് സ്റ്റീഫൻസ് മാർത്തോമ്മാ കോൺഗ്രിഗേഷൻ എന്നിവയുടെ വികാരിയായും, റവ. ജോൺ ഈശോയെ ഹരിഹർ, ധാവൻഗരെ എന്നീ കോൺഗ്രിഗേഷനുകളുടെ വികാരിയായും, റവ. സുബി മാത്യു മേടയിലിനെ തേനി, മധുര എന്നീ മാർത്തോമ്മാ കോൺഗ്രിഗേഷനുകളുടെ വികാരിയായും, റവ.ബൈജു ശാമുവേലിനെ കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകയുടെ സഹവികാരിയായും നിയമിച്ചു. റവ. റോബിൻ വർഗ്ഗീസിനെ ഇതിനോടകം റാന്നി ക്രിസ്തോസ് മാർത്തോമ്മാ ഇടവകയുടെ സഹവികാരിയായി നിയമിച്ചിട്ടുണ്ട്. അവരുടെ ശുശ്രൂഷകളും സേവനങ്ങളും ദൈവത്തിന് പ്രസാദകരവും മനുഷ്യർക്ക് അനുഗ്രഹകരവുമാകുന്നതിന് ഏവരും പ്രാർത്ഥിക്കുകയും, എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

ഏപ്രിൽ 15, 2024

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**